# സ്വുബ്ഹി നമസ്കാരത്തിൽ ക്വുനൂത്തോ?

ശമീർ മുണ്ടേരി

അല്ലാഹു പ്രവാചകനിലൂടെ മനുഷ്യർക്കായി നൽകിയിട്ടുള്ള ഇസ്‌ലാമിന്റെ പ്രമാണങ്ങൾ വിശുദ്ധ ഖുർആനും തിരുസുന്നത്തുമാണ്. മുസ്‌ലിമായ ഒരാൾ മതപരമായ ഒരു കാര്യം ചെയ്യുമ്പോൾ ആ പ്രമാണങ്ങളുടെ പിൻബലമുണ്ടായിരിക്കണം. പ്രമാണബദ്ധമല്ലാത്ത ഏതു കാര്യങ്ങളും മഹാ ഭൂരിപക്ഷം ചെയ്താലും ശരി അത് സ്വീകരിക്കപ്പെടുകയില്ല, അത് തള്ളപ്പെടുകയും, അത് പ്രവർത്തിക്കുന്നവർ നഷ്ടക്കാരിൽപെട്ട് പോവുകയും ചെയ്യും. അതുകൊണ്ട് തന്നെ അല്ലാഹുവിൽ നിന്ന് പ്രതിഫലം മോഹിച്ചു ഒരു കാര്യം ചെയ്യാനുദ്ദേശിച്ചാൽ അതിന് ഇസ്‌ലാമിക പ്രമാണങ്ങളുടെ പിൻബലമുണ്ടോ എന്ന് പരിശോധിക്കൽ ഓരോ മുസ്‌ലിമിന്റെയും നിർബന്ധ ബാധ്യതയാണ്.

നമ്മുടെ കേരളത്തിൽ തന്നെ പ്രമാണങ്ങളുടെ പിൻബലമില്ലാത്ത ഒരുപാട് പുത്തനാചാരങ്ങൾ ഇസ്‌ലാമിന്റെ പേരിൽ കൊണ്ടു നടക്കുന്നുണ്ട്. പുണ്യകർമ്മമാണ് എന്ന തെറ്റിദ്ധാരണ മൂലം അനേകം ആളുകളാണ് ഇതുപോലെയുള്ള അനാചാരങ്ങൾ സ്വീകരിച്ചിരിക്കുന്നത്. നല്ലതല്ലേയെന്ന ന്യായീകരണമാണ് അത് നിർവഹിക്കുന്നവരിൽ പലയാളുകൾക്കും പറയാനുള്ളത്. അത്തരത്തിൽപെട്ട ഒരു ബിദ്അത്തായ കാര്യമാണ് സുബ്ഹി നമസ്കാരത്തിൽ മാത്രമായി ചൊല്ലുന്ന ക്വുനൂത്ത്. നമ്മുടെ നാട്ടിലെ ശാഫിഈ മദ്ഹബ് സ്വീകരിക്കുന്നവരാണെന്ന് വാദിക്കുന്ന ഒരു കൂട്ടം ആളുകളാണ് സ്വുബ്ഹ് നമസ്ക്കാരത്തിൽ മാത്രമായി ക്വുനൂത്ത് ഓതി വരാറുള്ളത്. പ്രവാചകചര്യ കൃത്യമായി പിൻതുടരുന്നവരും, ഹനഫി, ഹമ്പലി മദ്ഹബുകാരും ഇത് ചെയ്യുന്നില്ല. അതുകൊണ്ട്തന്നെ ഇതിന്റെ യാഥാർത്ഥ്യം എന്താണെന്ന് ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ ചുരുങ്ങിയ രൂപത്തിൽ വിശദീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

നബി(ﷺ) സ്വുബ്ഹ് നമസ്കാരത്തിൽ മാത്രമായി ക്വുനൂത്ത് ഓതിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങിനെയായിരുന്നു? നബി (ﷺ) മരണം വരെ അത് തുടർന്ന് കൊണ്ട് പോയിട്ടുണ്ടോ? ഇതിനെല്ലാം പ്രമാണങ്ങളാണല്ലോ മറുപടി പറയേണ്ടത്. സ്വഹീഹുൽ ബുഖാരിയിലെ ഒരു ഹദീഥ് കാണുക:

حدثنا حماد بن زيد عن أيوب عن محمد قال : سئل أنس أقنت النبي صلى الله عليه و سلم في الصبح ؟ قال نعم فقيل له أوقنت قبل الركووع ؟ قال بعد الركوع يسيرا (بخاري 1001)

“ഹമ്മാദ് ബ്നു യസീദ് ഞങ്ങളോട് പറഞ്ഞു, അയ്യൂബിൽ നിന്ന് മുഹമ്മദ് (ﷺ) നിവേദനം: നബി(ﷺ) സ്വുബ്ഹ് നമസ്ക്കാരത്തിൽ ക്വുനൂത്ത് ഓതിയിരുന്നോ? എന്ന് അനസ്(ﷺ)

ചോദിക്കപ്പെട്ടു. അപ്പോൾ അതെ എന്ന് അദ്ദേഹം മറുപടി പറഞ്ഞു. റുകൂഇൗന് മുമ്പായിരുന്നോ? എന്ന് വീണ്ടും ചോദിക്കപ്പെട്ടു. അപ്പോൾ റുകൂഇൗന് ശേഷം കുറച്ച് കാലം എന്ന് അദ്ദേഹം പറഞ്ഞു.” (ബുഖാരി)

അനസ്(ﷺ) തന്നെ ഈ ‘കുറച്ച് കാലം’ എത്ര എന്ന് വിശദീകരിക്കുന്നുണ്ട്. ഇമാം ബുഖാരി ഉദ്ധരിക്കുന്ന 1002-ാം ഹദീസിൽ നമുക്കതിങ്ങനെ വായിക്കാം:

عبد الْواحد قَالَ حدثَنا عاصم قَالَ سأَلْت أَنس بن مالك عنِ الْقُنوت . فَقَالَ قَد كَانَ الْقُنوت قُلْت قَبلَ الركُوعِ أَو بعده قَالَ قَبلَه . قَالَ فَإِن فُلَانا أَخبرنِى عنك أَنك قُلْت بعد الركُوعِ . فَقَالَ كَذَب ، إِنما قَنت رسولُ الله صلى الله عليه وسلم بعد الركُوعِ شهرا أُراه كَانَ بعثَ قَوما يقَالُ لَهم الْقُراُء زهاَء سبعين رجلاً إِلَى قَومٍ من الْمشرِكين دونَ أُولَئك ، وكَانَ بينهم وبين رسولِ الله - صلى الله عليه وسلم - عهد فَقَنت رسولُ الله - صلى الله عليه وسلم - شهرا يدعو علَيهِم) (صحيح البخاري).

“അബ്ദുൽ വാഹിദ് ഞങ്ങളോട് പറയുകയുണ്ടായി, ആസിം പറയുന്നു: ഞാൻ അനസ് ബ്നുമാലിക്(ﷺ)വിനോട് ഖുനൂത്തിനെ സംബന്ധിച്ച് ചോദിക്കുകയുണ്ടായി. ഖുനൂത്ത് റുകൂഇന് മുമ്പായിരുന്നുവോ, അതല്ല ശേഷമായിരുന്നോ ഓതിയിരുന്നത്? (അദ്ദേഹം) പറഞ്ഞു: മുമ്പായിരുന്നു. (അദ്ദേഹം വീണ്ടും) പറഞ്ഞു: എന്നാൽ ഇന്നയാൾ റുകൂഇന് ശേഷമാണ് ചൊല്ലേണ്ടതെന്നാണ് താങ്കൾ പറഞ്ഞതെന്ന് എന്നോട് പറയുകയുണ്ടായി. അപ്പോൾ പറഞ്ഞു: കളവ് പറഞ്ഞിരിക്കുന്നു, നിശ്ചയം നബി (ﷺ) റുകൂഇൗന് ശേഷം ഒരു മാസം മാത്രമാണ് ഖുനൂത്ത് ഓതിയിരുന്നത്. അത് ഞാൻ കണ്ടിരുന്നു, ഖുർആൻ മന:പാഠമുള്ള ഏകദേശം എഴുപത് ഖാരിഉകളെ മുശ്‌രിക്കുകളിൽപെട്ട ഒരു ഗോത്രത്തിലേക്ക് പറഞ്ഞയക്കുകയുണ്ടായി, അവരെ അവർ ചതിയിലൂടെ വധിക്കുകയുണ്ടായി, അവർക്കും റസൂൽ(ﷺ)ക്കുമിടയിൽ കരാറുണ്ടായിരുന്നു, അങ്ങിനെ അവർക്കെതിരിൽ റസൂലുല്ലാഹി(ﷺ) ഒരു മാസം ഖുനൂത്ത് (ശാപ പ്രാർത്ഥന) നടത്തുകയുണ്ടായി)” (ബുഖാരി)

നബി(ﷺ) ഒരു മാസം ഖുനൂത്ത് ഓതിയല്ലോ, അതുകൊണ്ട് നമുക്കും നിർവഹിക്കാം എന്ന വാദത്തിനു അടിസ്ഥാനമില്ല. അങ്ങിനെയാണെങ്കിൽ ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് ഒരാൾ നമസ്കരിക്കാൻ തുടങ്ങിയാൽ അത് എങ്ങിനെയാണ് തടുക്കുക, കാരണം നബി(ﷺ)യും മുമ്പ് അപ്രകാരം ചെയ്തിട്ടുണ്ടല്ലോ!

ഇമാം ബുഖാരി ഉദ്ധരിക്കുന്ന മറ്റൊരു ഹദീസ് കൂടി കാണുക:

عن أَنسِ بنِ مالك - رضى الله عنه - أَن رِعلاً وذَكْوانَ وعصيةَ وبنِى لَحيانَ استمدوا رسولَ الله - صلى الله عليه وسلم - علَى عدو ، فَأَمدهم بِسبعين من الأَنصارِ ، كُنا نسميهم الْقُراَء فى زمانِهِم ، كَانوا يحتطبونَ بِالنهارِ ويصلونَ بِاللَّيلِ ، حتى كَانوا بِبِئْرِ معونةَ قَتلُوهم ، وغَدروا بِهِم ، فَبلَغَ النبِى - صلى الله عليه وسلم - ، فَقَنت شهرا يدعو فى الصبحِ علَى

أحياءٍ من أحياءِ الْعربِ ، علَى رِعلٍ وذَكْوانَ وعصيةَ وبنِى لَحيانَ . قَالَ أَنس فَقَرأْنا فيهم قُرآنا ثُم إِن ذَلك رفع...) (البخاري)

"അനസ് ബ്നു മാലിക്(ﷺ)വിൽ നിന്ന് നിവേദനം: 'രിഅ്ല്, ദക്വാൻ, ഉസ്വയ്യ:, ബനുലഹ്‌യാൻ എന്നീ ഗോത്രങ്ങൾ തങ്ങളുടെ ശത്രുക്കൾക്കെതിരിൽ റസൂൽ(ﷺ)യാട് സഹായം ആവശ്യപ്പെടുകയുണ്ടായി. അങ്ങിനെ അൻസാരികളിൽപെട്ട എഴുപത് പേരെ നൽകികൊണ്ട് അവരെ സഹായിച്ചു. അവരുടെ കാലത്ത് ഞങ്ങൾ അവരെ വിളിച്ചിരുന്നത് 'ഖുർറാഅ്' (ഖുർആൻ പാരായണക്കാർ) എന്നായിരുന്നു. പകലിൽ അവർ (ഉപജീവനത്തിനായി) വിറകുകൾ ശേഖരിക്കുകയും രാത്രിയിൽ നിന്ന് നമസ്കരിക്കുകയും ചെയ്തിരുന്നു. അങ്ങിനെ അവർ 'ബിഅ്റ് മഊന' എന്ന സ്ഥലത്തെത്തിയപ്പോൾ ചതിയിലൂടെ അവരെ (ആ ഗോത്രങ്ങൾ) വധിച്ചു. ഈ വിവരം റസൂൽ(ﷺ) അറിയുകയുണ്ടായി. അങ്ങിനെ അറേബ്യൻ നാടുകളിൽ ഒരു നാട്ടിലെ രിഅ്ല്, ദക്വാൻ, ഉസ്വയ്യ:, ബനുലഹ്‌യാൻ എന്നീ ഗോത്രങ്ങൾക്കെതിരെ ഒരു മാസം ഖുനൂത്ത് ഓതുകയുണ്ടായി. അനസ്(ﷺ) പറയുന്നു: അങ്ങിനെ ഞങ്ങൾ അവരുടെ വിഷയത്തിലുള്ള ആയത്ത് പാരായണം ചെയ്യുകയും ചെയ്തു, അതിന് ശേഷം അത് ഉയർത്തപ്പെടുകയു (നസ്ഖാവു) ണ്ടായി. ...)" (ബുഖാരി, 4090)

ഇവ്വിഷയകമായി ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീഥ് കാണുക:

عن أَبي هريرةَ يقُولُ كَانَ رسولُ الله -صلى الله عليه وسلم- يقُولُ حين يفْرغُ من صلَاة الْفَجرِ من الْقراءَة ويكبر ويرفَع رأْسه « سمع الله لمن حمده ربنا ولَك الْحمد ». ثُم يقُولُ وهو قَائم « اللهم أَنجِ الْوليد بن الْوليد وسلَمةَ بن هشامٍ وعياش بن أَبِى ربِيعةَ والْمستضعفين من الْمؤمنِين اللهم اشدد وطْأَتك علَى مضر واجعلْها علَيهِم كَسِنِى يوسف اللهم الْعن لحيانَ ورِعلاً وذَكْوانَ وعصيةَ عصت الله ورسولَه ». ثُم بلَغنا أَنه ترك ذَلك لَما أُنزِلَ (لَيس لَك من الأَمرِ شىءٌ أَو يتوب علَيهِم أَو يعذبهم فَإِنهم ظَالمونَ ) (مسلم)

"അബൂഹുറയ്റ(ﷺ) പറയാറുണ്ട്; റസൂലുല്ലാഹി(ﷺ) ഫജ്ർ നമസ്കാരത്തിലെ ഖുർആൻ പാരായണത്തിൽ നിന്ന് വിരമിച്ചാൽ തക്ബീർ ചൊല്ലി തല ഉയർത്തി ഇങ്ങനെ പറയാറുണ്ടായിരുന്നു: (അല്ലാഹുവിനെ സ്തുതിച്ചവരെ അവൻ കേട്ടിരിക്കുന്നു, ഞങ്ങളുടെ രക്ഷിതാവെ, നിനക്കാണ് സ്തുതികൾ മുഴുവനും), ശേഷം നിന്ന് കൊണ്ട് പറയാറുണ്ടായിരുന്നു: അല്ലാഹുവെ, 'വലീദ്ബ്നു വലീദിനെയും, സലമത്ബ്നു ഹിശാമിനെയും, അയ്യാശ്ബ്നു അബൂ റബീഅ:യേയും, വിശ്വാസികളിൽ പെട്ട ദുർബ്ബലരെയും നീ രക്ഷിക്കേണമേ, അല്ലാഹുവെ, മുളറുകാരടെ മേൽ നിന്റെ ശിക്ഷ കാഠിന്യമാക്കേണമേ, അവരുടെ മേൽ യുസുഫ്(ﷺ)യുടെ കാലത്തുണ്ടായ ക്ഷാമം ഇറക്കേണമേ. അല്ലാഹുവെ, 'രിഅ്ല്, ദക്വാൻ, ഉസ്വയ്യ:, ബനുലഹ്‌യാൻ എന്നീ ഗോത്രങ്ങളെ നീ ശപിക്കുകയും ചെയ്യേണമേ, അവർ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും ശപിച്ചിരിക്കുന്നു). തുടർന്ന് വിശുദ്ധ ഖുർആനിലെ (പ്രാർത്ഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കുന്നത്) എന്ന

ആയത്തിറങ്ങിയതിന് ശേഷം അത് (ശാപ പ്രാർത്ഥന) ഉപേക്ഷിച്ചുവെന്ന വിവരം ഞങ്ങൾ മനസ്സിലാക്കുകയുണ്ടായി)" (മുസ്‌ലിം)

റസൂലുല്ലാഹി(ﷺ) ഒരു മാസം മാത്രമെ ക്വുനൂത്ത് നടത്തിയിട്ടൊള്ളൂവെന്ന് കൃത്യമായി വിശദമാക്കുന്ന ഹദീഥാണ് താഴെ:

عن أنس قال : قنت رسول الله صلى الله عليه و سلم شهرا بعد الركوع يدعوا على أحياء من العرب (البخاري)

"അനസ്(ﷺ)വിൽ നിന്ന് നിവേദനം, പറഞ്ഞു: റസൂലുല്ലാഹി(ﷺ) അറബികളിൽ പെട്ട ഒരു നാടിനെതിരിൽ ഒരു മാസം റുകൂഇന് ശേഷം ക്വുനൂത്ത് ഓതുകയുണ്ടായി" (ബുഖാരി)

ഇത്രയും ഹദീസുകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് നബി(ﷺ) ക്വുനൂത്ത് ഓതുകയും പിന്നീട് അതു നിർത്തുകയും ചെയ്തു എന്നാണ്.

ഈ ഹദീസുകളിൽ പരമർശിക്കപ്പെട്ട ക്വുനൂത്തല്ലാതെ നബി(ﷺ) സുബ്ഹിക്ക് മാത്രം ക്വുനൂത്ത് ഓതിയതായി സ്വഹീഹായ ഹദീസുകളിൽ ഒന്നും വന്നിട്ടില്ല. നബി(ﷺ) മറ്റെല്ലാ നമസ്ക്കാരത്തിലുമെന്ന പോലെ സ്വുബ്ഹിലും ക്വുനൂത്ത് ഓതുകയും മറ്റു നമസ്ക്കാരങ്ങളിൽ അവസാനിപ്പിച്ചതു പോലെ സ്വുബ്ഹിലും അവസാനിപ്പിച്ചു എന്നുതന്നെയാണ് ഈ ഹദീസുകളിൽ നിന്നെല്ലാം മനസ്സിലാകുന്നത്. താഴെയുള്ള ഹദീഥ് അക്കാര്യം ഒന്നുകൂടി ബലപ്പെടുത്തുന്നുണ്ട്:

عن عبد الرحمن بن أبي ليلى عن البراء قال: ( قنت رسول الله صلى الله عليه وسلم في الفجر والمغرب) ( صحيح مسلم - كتاب المساجد ومواضع الصلاة - يقنت في الصبح والمغرب1094)

അബ്ദുർറഹ്മാൻ ബ്നു അബൂ ലൈലയിൽ നിന്ന്, ബറാഅ് നിവേദനം ചെയ്യുന്നു: പറഞ്ഞു: (റസൂലുല്ലാഹ്(ﷺ) സ്വുബ്ഹിയിലും, മഗ്‌രിബിലും ക്വുനൂത്ത് ഓതിയിരുന്നു) (മുസ്‌ലിം).

ഇനി, സ്വുബ്ഹ് നമസ്ക്കാരത്തിൽ മാത്രമായുള്ള ക്വുനൂത്തിനെ കുറിച്ച് പൂർവ്വികർ എന്താണ് പറയുന്നതെന്ന് കാണുക :

عن أبي مالك الأشجعي سعد بن طارق قال: (قلت لأبي يا أبت إنك قد صليت خلف رسول الله صلى الله عليه وسلم وأبي بكر وعمر وعثمان وعلي ها هنا بالكوفة نحوا من خمس سنين فكانوا يقنتون في الفجر فقال أي بني محدث) سنن ابن ماجه [1241] قال الحافظ ابن حجر إسناده حسن (تلخيص الحبير ج1 ص245)

"അബൂമാലിക്ക്(رحمه الله) അൽ അശ്ജഈ സഅ്ദ്ബ്നു ത്വാരിഖ് നിവേദനം: (ഞാൻ എന്റെ പിതാവിനോട് ചോദിച്ചു: താങ്കൾ അല്ലാഹുവിന്റെ ദൂതന്റെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട്, അത്പോലെ അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരുടെയും, ഇവിടെ കൂഫയിൽ വെച്ച് അഞ്ച് വർഷത്തോളം അലിയുടെ പിന്നിലും നമസ്ക്കരിച്ചിട്ടുണ്ട്. അവരിൽ ആരെങ്കിലും സ്വുബ്ഹ് നമസ്ക്കാരത്തിൽ ക്വുനൂത്ത് ഓതിയിരുന്നോ? അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ മകനെ അത് പുതിയതായി ഉണ്ടാക്കിയതാണ്)." (തിർമുദി, ഇബ്നുമാജ, നസാഇൗ ഹഫിള്

ഇബ്നു ഹജർ അൽ അസ്ഖലാനി ഇതിന്റെ സനദ് ഹസനാണെന്ന് 'തൽഖീസ് അൽ ഹബീർ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്). ഈ ഹദീസ് സ്വഹീഹാണ്, ഇതിന്റെ അടിസ്ഥാനത്തിലാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും ചര്യ എന്ന് ഇമാം തുർമുദി ശേഷം രേഖപ്പെടുത്തുകയുണ്ടായി.

സ്വുബ്ഹ് നമസ്ക്കാരത്തിൽ മാത്രമായുള്ള ക്വുനൂത്ത് ബിദ്അത്താണെന്ന് ഉറപ്പിച്ചു പറയുന്ന റിപ്പോർട്ട് കാണുക:

أخبرنا قُتيبةُ عن خلَف وهو ابن خليفَةَ عن أَبِي مالك الْأَشجعي عن أَبِيه قَالَ صليت خلْف رسولِ الله صلى الله علَيه وسلم فَلَم يقْنت وصليت خلْف أَبِي بكْرٍ فَلَم يقْنت وصليت خلْف عمر فَلَم يقْنت وصليت خلْف عثْمانَ فَلَم يقْنت وصليت خلْف علي فَلَم يقْنت ثُم قَالَ يا بني إِنها بِدعةٌ (نسائي)

"ഖുതൈബ ഞങ്ങളെ അറിയിക്കുകയുണ്ടായി, ഖലഫ് ഇബ്നുൽ ഖലീഫയിൽ നിന്നും നിവേദനം: അബുമാലിക്ക് അൽ അശ്ജഈ തന്റെ പിതാവിൽ നിന്നുദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: ഞാൻ നബി(ﷺ)യുടെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അവിടുന്ന് ക്വുനൂത്ത് ഓതിയിട്ടില്ല. അബുബക്കറിന്റെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അദ്ദേഹവും ക്വുനൂത്ത് ഓതിയിട്ടില്ല, ഉഥ്മാനിന്റെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അദ്ദേഹവും ക്വുനൂത്ത് ഓതിയിട്ടില്ല, അലിയുടെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അദ്ദേഹവും ക്വുനൂത്ത് ഓതിയിട്ടില്ല. തുടർന്ന് പറഞ്ഞു: ഓ, മകനെ; അത് കൊണ്ട് അത് (ബിദ്അത്താണ്) അനാചരാമാണ്)" (അന്നസാഇൗ 1/122)

ഏകദേശം എഴുപതോളം വരുന്ന പ്രവാചകാനുചരൻമാരെ ചതിയിലൂടെ വധിച്ച ഒരു അറേബ്യൻ ഗോത്രത്തിനെതിരെ നബി(ﷺ) നടത്തിയ ശാപ പ്രർത്ഥനയാണ് ക്വുനൂത്ത് എന്ന് പ്രമാണങ്ങൾ വ്യക്തമാക്കുന്നു. ഹദീഥിൽ നമുക്കത് ഇപ്രകാരം കാണാവുന്നതാണ്:

عن أنس " أن النبي - صلى الله عليه وسلم - كان لا يقنت إلا إذا دعا لقوم أو دعا على قوم (وفي صحيح ابن خزيمة )

"അനസ്(ﷺ)വിൽ നിന്ന് നിവേദനം: നിശ്ചയം, നബി(ﷺ) ഒരു സമുഹത്തിന്റെ ഗുണത്തിന് വേണ്ടിയോ, ഒരു സമൂഹത്തിനെതിരിലോ അല്ലാതെ ക്വുനൂത്ത് ഓതാറുണ്ടായിരുന്നില്ല" (സ്വഹീഹ് ഇബ്നു ഖുമൈമ)

എന്നാൽ ക്വുർആനും സുന്നത്തും തെറ്റായി ഉദ്ധരിക്കുന്നവർക്ക് മുകളിൽകൊടുത്ത ഹദീഥുകളൊന്നും സ്വീകാര്യമായികൊള്ളണമെന്നില്ല. മാത്രമല്ല, തങ്ങളുടെ വാദം സമർത്ഥിക്കാൻ പ്രമാണങ്ങൾപോലും അനവസരത്തിൽ ഉപയോഗിക്കാനും ഇവർ മടികാണിക്കാറില്ല. അതിന്റെ മികച്ച ഉദാഹരണമാണ് സൂറത്തു ബഖറയിലെ താഴെയുള്ള ആയത്ത് ക്വുനൂത്ത് ഓതുവാനായി തെളിവ് പിടിക്കുന്നത്:

حافظُوا علَى الصلَوات والصلَاة الْوسطَى وقُوموا لله قَانِتين (البقرة 238)

"പ്രാർത്ഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കുന്നത്.) (അൽബഖറ: 238)

ഈ ആയത്തിന് സഈദുബ്നു മുസയ്യബ് സുബ്ഹി നമസ്ക്കാരത്തിലെ ക്വുനൂത്ത് എന്ന് അർത്ഥം നൽകിയിട്ടുണ്ട് എന്നതാണ് തെളിവിനായി അവർ എടുത്തുപറയാറുള്ളത് (ക്വുനൂത്തും കൂട്ടു പ്രാർത്ഥനയും പേജ് 13). എന്നാൽ നബി(ﷺ) പഠിപ്പിച്ചതും, സ്വഹാബികൾ നമുക്ക് കൈമാറിയതുമായ അർത്ഥം സഈദ്ബ്നു മുസയ്യബ് നൽകിയ അർഥത്തിന് വിരുദ്ധമാണെങ്കിൽ നബി(ﷺ)യിലേക്ക് മടങ്ങുകയല്ലെ നാം ചെയ്യേണ്ടത്. ഈ ആയത്തിന്റെ വിശദീകരണം കാണുക:

عن زيد بنِ أَرقَم قَالَ كُنا نتكلم فى الصلاَة يكلم أَحدنا أَخاه فى حاجته حتى نزلَت هذه الآيةُ ( حافظُوا علَى الصلَوات والصلاَة الْوسطَى وقُوموا لله قَانِتِين ) فَأُمرنا بِالسكُوت (البخاري)

"സൈദ്(ﷺ) വിൽ നിന്ന് നിവേദനം: ഞങ്ങൾ നമസ്കാരത്തിൽ സംസാരിക്കാറുണ്ടായിരുന്നു, തന്റെ സ്നേഹിതനോട് ആവശ്യം ചോദിക്കുകയും ചെയ്യാറുണ്ടായിരുന്നു. ഈ ആയത്ത് (പ്രാർത്ഥനകൾ (അഥവാ നമസ്കാരങ്ങൾ) നിങ്ങൾ സൂക്ഷ്മതയോടെ നിർവഹിച്ചു പോരേണ്ടതാണ്. പ്രത്യേകിച്ചും ഉൽകൃഷ്ടമായ നമസ്കാരം. അല്ലാഹുവിന്റെ മുമ്പിൽ ഭയഭക്തിയോടു കൂടി നിന്നുകൊണ്ടാകണം നിങ്ങൾ പ്രാർത്ഥിക്കുന്നത്.) എന്ന് അവതരിക്കപ്പെട്ടപ്പോൾ ഞങ്ങളോട് മൗനം ദീക്ഷിക്കുവാൻ കൽപ്പിക്കപ്പെട്ടു). (ബുഖാരി 4534)

സ്വുബ്ഹിയിലെ ക്വുനൂത്ത് ഓതുന്ന സമസ്തക്കാർ ചുരുങ്ങിയപക്ഷം തഫ്സീർ ജലാലൈനിയെങ്കിലും കൃത്യമായി വായിച്ചിരുന്നെങ്കിൽ ഈ പുത്തനാചാരം അവർ ഉണ്ടാക്കുമായിരുന്നില്ല. പ്രസ്തുത ആയത്തിനെ വിശദീകരിച്ച് കൊണ്ട് ജലാലൈനി പറയുന്നു:

{ حافظوا علَى الصلوات } الخمس بأدائها في أوقاتها { والصلاوة ا لْوسطَى } هي العصر أو الصبح أو الظهر أو غيرها أقوال وأفردها بالذكر لفضلها { وقُومواْ لله } في الصلاة { قانتين } قيل مطيعين لقوله صلى الله عليه وسلم « كل قنوت في القرآن فهو طاعة » رواه أحمد وغيره ، وقيل ساكتين لحديث زيد بن أرقم : « كنا نتكلم في الصلاة حتى نزلت فأمرنا بالسكوت ونهينا عن الكلام » رواه الشيخان (تفسير الجلالين)

"(നിങ്ങൾ നമസ്കാരം സൂക്ഷ്മതയോടെ നിർവഹിക്കുക) എന്നാൽ അഞ്ച് നമസ്കാരങ്ങളും അതിന്റെ സമയത്ത് നിർവ്വഹിക്കുകയെന്നാണ്. (ഉൽകൃഷ്ടമായ നമസ്കാരം) എന്നാൽ: അത് അസ്വർ, സുബഹി, ളുഅർ, അതുമല്ലാത്ത നമസ്കാരമാണ് എന്ന് അഭിപ്രായ വ്യത്യാസമുണ്ട്, ഈ നമസ്കാരത്തിന്റെ ശ്രേഷ്ടതകൊണ്ട് അതിനെ മാത്രം പ്രത്യേകമാക്കി പറഞ്ഞിരിക്കുന്നു. (അല്ലാഹുവിന്റെ മുമ്പിൽ നിന്നുകൊണ്ട്) അതായത് നമസ്കാരത്തിൽ. (ഭയഭക്തിയോടു കൂടി) പറയപ്പെട്ടിട്ടുണ്ട്: റസൂലുല്ലാഹി(ﷺ)യുടെ താഴെ വരുന്ന (ഖുർആനിൽ എല്ലാ **قنوت** കൊണ്ടും ഉദ്ദേശിക്കുന്നത് അനുസരണമെന്നാണ്) (അഹ്മദും മറ്റുള്ളവരും ഉദ്ധരിച്ചത്) വാക്ക് അനുസരിച്ച് കൊണ്ട്. സൈദ്ബ്നു അർഖമിന്റെ ഹദീഥിൽ (ഞങ്ങൾ നമസ്കാരത്തിൽ സംസാരിക്കാറുണ്ടായിരുന്നു, എന്നാൽ ആയത്തിറങ്ങിയപ്പോൾ മൗനമായിരിക്കാൻ ഞങ്ങളോട് കൽപിക്കുകയും, സംസാരം വിലക്കുകയും ചെയ്തു) (ബുഖാരി, മുസ്‌ലിം) പറഞ്ഞത് പ്രകാരം മൗനമായിരിക്കുകയെന്നാണ് ഉദ്ദേശിക്കുന്നത് എന്നും പറയപ്പെട്ടിട്ടുണ്ട്.)" (തഫസീർ ജലാലൈനി).

‘സുന്നി’കൾ അവലംബിക്കാറുള്ള അബ്ദുറഹ്മാൻ മഖ്ദൂമിയുടെ പരിഭാഷയിൽ ഈ ആയത്തിന് കൊടുത്ത അർത്ഥവും വിശദീകരണവും കാണുക:

“എല്ലാ നമസ്ക്കാരങ്ങളെയും ഏറ്റവും ഉൽകൃഷ്ടമായ നമസ്ക്കാരത്തെയും നിങ്ങൾ കൃത്യമായി നിലനിർത്തി പോരുകയും അല്ലാഹുവിനോട് അനുസരണവും വിനയവുമുള്ള വരായി നിൽക്കുകയും ചെയ്യുക. (അൽബക്വറ 238) ആർത്തവം, വിവാഹം, വിവാഹ മോചനം, ഇദ്ദ തുടങ്ങിയ വിഷയങ്ങളെ കുറിച്ചായിരുന്നു മുൻ വചനങ്ങളിൽ പരാമർശിച്ചത്. ഇത്തരം കാര്യങ്ങളിൽ എല്ലാം നിയമാനുസൃതമായ നിലപാട് സ്വീകരിക്കാൻ നമുക്ക് സാധിക്കണമെങ്കിൽ സൃഷ്ടാവിനെകുറിച്ചുള്ള സ്മരണ നമ്മുടെ അന്തരംഗത്ത് സജീവമായി നിലനിൽക്കണം. അതിന് ഏറ്റവും സഹായിക്കുന്ന ഒരു ആരാധന കർമ്മമാകുന്നു നമസ്ക്കാരം. നിസ്ക്കാരം കൃത്യമായും വിനയത്തോടെയും ഭയഭക്തിയോടെയും മനസ്സാന്നിധ്യത്തോടെയും നിർവഹിക്കണം. എങ്കിൽ അല്ലാഹുവിനെ കുറിച്ചുള്ള സ്മരണ നമ്മുടെ അന്തരംഗത്ത് സജീവമായി നിലനിൽക്കും. ഏതു കാര്യങ്ങളിലും അല്ലാഹുവിന്റെ വിധിവിലക്കുകൾക്കൊത്ത് ജീവിക്കാൻ അതു നമ്മെ സഹായിക്കും. തെറ്റായ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും അതു നമ്മെ തടഞ്ഞു നിർത്തും. ഇവിടെ ഏറ്റവും ശ്രേഷ്ഠമായ നമസ്ക്കാരം എന്ന് പറഞ്ഞത് അസ്വർ നമസ്ക്കാരമാണെന്നും അല്ലാ മറ്റു ഫർളു നമസ്ക്കാരങ്ങളിൽ ഓരോ നമസ്ക്കാരമാണെന്നും ഫർളല്ലാത്ത ചില നമസ്ക്കാരങ്ങളാ ണെന്നും മുഫസ്സീരിങ്ങൾ അഭിപ്രായപ്പട്ടിട്ടുണ്ട്” (മഖ്ദൂമിയുടെ പരിഭാഷ പേജ്: 98)

നോക്കൂ, ക്വുനൂത്ത് ഓതാൻ ഈ ആയത്ത് തെളിവായിരുന്നുവെങ്കിൽ എന്തേ അദ്ദേഹവും, ജലാലൈനിയും അത് സൂചിപ്പിക്കാതെ പോയത് ?

ഇനി, ക്വുനൂത്ത് ഓതുന്നവർ തെളിവായുദ്ധരിക്കുന്ന ഹദീഥിന്റെ നിലയുമൊന്ന് പരിശോധിക്കാം. ബൈഹഖിയും, ദാറുഖുത്നിയും ഉദ്ധരിക്കുന്ന താഴെയുള്ള ഹദീസാണ് അത്:

حدثَنا عبيد الله بن موسى أخبرنا أبو جعفَرٍ الرازى عنِ الربيعِ بنِ أنسٍ عن أنسٍ : (أن النبى -صلى الله عليه وسلم- قَنت شهرا يدعو علَيهم ، ثُم تركَه ، فَأَما فى الصبحِ فَلَم يزلْ يقْنت حتى فَارق الدنيا) (البيهقي)

“ഉബൈദുല്ലാഹ് ബ്നു മൂസാ ഞങ്ങളോട് പറഞ്ഞു, അബൂ ജഅ്ഫറു റാസി ഞങ്ങളെ അറിയിച്ച് തന്നു, റബീഅ്ബ്ന അനസിൽ നിന്നും, അനസ്(ﷺ) നിവേദനം: (നിശ്ചയം; നബി(ﷺ) അവർക്കെതിരിൽ പ്രാർത്ഥിച്ച് ഒരു മാസം ക്വുനൂത്ത് ഓതുകയുണ്ടായി, ശേഷം അത് ഉപേക്ഷിക്കുകയുണ്ടായി, എന്നാൽ സുബ്ഹി നമസ്ക്കാരത്തിൽ നബി(ﷺ) ദുനിയാവിൽ നിന്ന് വിടപറയുന്നത് വരെക്കും ക്വുനൂത്ത് ഓതി കൊണ്ടിരുന്നു) (ബൈഹക്വി).

സ്വുബ്ഹി നമസ്കാരത്തിൽ ക്വുനൂത്ത് നടത്തുവാനുള്ള തെളിവായി ഈ ഹദീസ് ഉദ്ധരിക്കുന്നവർക്ക് ഇത് സ്വഹീഹാണ് എന്ന് തെളിയിക്കാൻ സാധ്യമല്ല. ഈ ഹദീസിന്റെ പരമ്പരയിൽ വന്നിട്ടുള്ള ‘അബുജഅ്ഫറി’നെ കുറിച്ച് മുൻഗാമികൾ പറഞ്ഞത് മുഖവിലക്കെ ടുക്കേണ്ടതാണ്.

ഇബ്നു ഹജർ(ﷺ) പറയുന്നു: ഇമാം അഹമ്മദ്(ﷺ) ഇമാം നസാഈ(ﷺ) എന്നിവർ ഇയാൾ പ്രബലനല്ലെന്ന് പറയുന്നു. അബൂസുർഅത്തു(ﷺ) പറയുന്നു: ഇയാൾ ധാരാളം ഊഹിച്ചു പറയുന്ന മനുഷ്യനാണ്.

തുഹ്ഫത്തുൽ അഹ്വദിയിൽ ഇയാൾ പ്രബലനല്ലെന്ന് പറയുന്ന ഭാഗം കാണുക:

(قال فيه عبد الله بن أحمد : ليس بالقوي : وقال علي بن المديني : يخلط ، وقال أبو زرعة : يهم كثيرا ، وقال عمرو بن علي الفلاس : صدوق سيئ الحفظ ، وقال ابن معين : ثقة لكنه يخطئ) (تحفة الأحوذي شرح سنن الترمذي - كتاب الصلاة - القنوت في صلاة الصبح)

"ഇദ്ദേഹത്തെ സംബന്ധിച്ചു അബ്ദുല്ലാഹ്ബ്നു അഹ്മദ് പറയുകയുണ്ടായി: അദ്ദേഹം (അബൂജഅ്ഫർ) ഹദീസിന്റെ കാര്യത്തിൽ കഴിവുള്ളയാളല്ല. അലിയ്യുബ്നു അൽമദീനി പറഞ്ഞു: ഹദീസുകൾ പരസ്പരം കൂടികലരാറുള്ള വ്യക്തിയാണ്. അബൂസുർഅ: പറയുന്നു: ധാരാളം ഊഹങ്ങളുള്ള വ്യക്തിയാണ്. അംറ്ബ്നു അവി അൽഫലാസ് പറയുന്നു: സത്യസന്ധനും, മന:പാഠത്തിൽ മോശമായ അവസ്ഥയുള്ളയാളുമാണ്. ഇബ്നു മഈൻ പറഞ്ഞു: അവലംബ യോഗ്യനാണെങ്കിലും ശരി അബദ്ധം സംഭവിക്കുന്നയാളാകുന്നു)

ദുർബലമായ ഹദീസുകളുടെ അടിസ്ഥാനത്തിൽ അമലുകൽ ചെയ്യുന്നത് ബിദ്അത്തിലേക്കും ബിദ്അത്തുകൾ വഴി നാം നരകത്തിലേക്കും എത്തി ചേരും എന്ന് മനസ്സിലാക്കി നബി(ﷺ) പഠിപ്പിക്കാത്ത കാര്യങ്ങളിൽ നിന്ന് മാറിനിൽക്കുക. സ്വുബ്ഹ് നമസ്ക്കാരത്തിൽ മാത്രമായുള്ള ക്വുനൂത്ത് ബിദ്അത്താണെന്ന് മുൻഗാമികൾ പറഞ്ഞ റിപ്പോർട്ട് ഒരിക്കൾകൂടി ഉദ്ധരിക്കട്ടെ:

أخبرنا قُتيبةُ عن خلْف وهو ابن خليفَةَ عن أَبِي مالك الْأَشجعي عن أَبِيه قَالَ صليت خلْف رسولِ الله صلى الله علَيه وسلم فَلَم يقْنت وصليت خلْف أَبِي بكْرٍ فَلَم يقْنت وصليت خلْف عمر فَلَم يقْنت وصليت خلْف عثْمانَ فَلَم يقْنت وصليت خلْف علي فَلَم يقْنت ثُم قَالَ يا بني إِنها بِدعةٌ (نسائي)

"ഖുതൈബ ഞങ്ങളെ അറിയിക്കുകയുണ്ടായി, ഖലഫ് ഇബ്നുൽ ഖലീഫയിൽ നിന്നും നിവേദനം: അബുമാലിക്ക് അൽ അശ്ജഈ തന്റെ പിതാവിൽ നിന്നുദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: ഞാൻ നബി(ﷺ)യുടെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അവിടുന്ന് ക്വുനൂത്ത് ഓതിയിട്ടില്ല. അബുബക്കറിന്റെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അദ്ദേഹവും ക്വുനൂത്ത് ഓതിയിട്ടില്ല, ഉഥ്മാനിന്റെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അദ്ദേഹവും ക്വുനൂത്ത് ഓതിയിട്ടില്ല, അലിയുടെ പിന്നിൽ നിന്ന് നമസ്ക്കരിച്ചിട്ടുണ്ട് അദ്ദേഹവും ക്വുനൂത്ത് ഓതിയിട്ടില്ല. തുടർന്ന് പറഞ്ഞു: ഓ, മകനെ; അത് കൊണ്ട് അത് (ബിദ്അത്താണ്) അനാചരാമാണ്)" (അന്നസാഈ 1/122)